നും നേതൃത്വംനൽകിയിരിക്കുന്നു. ഏതാനും വർഷങ്ങൾക്കകം ലോകത്തിലെ ഏററവുമധികം വ്യവസായവത്കൃതമായ രാഷ്ട്രമെന്ന പദവി ജപ്പാനു കൈവരുന്നതായിരിക്കും. ജപ്പാനുമായുള്ള വ്യാപാരത്തിൽ പ്രതിവർഷം വലിയ കമ്മിയാണ് അമേരിക്കയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. റഷ്യയ്ക്കെതിരെ ജപ്പാൻപട്ടാളശക്തിയെ വളർത്തിക്കൊണ്ടുവരാനുള്ള ശ്രമം, പരസ്യമായിത്തന്നെ, അമേരിക്ക നടത്തിക്കൊണ്ടിരിക്കുകയാണ്.

ദാരിദ്ര്യത്തിലും അജ്ഞതയിലും ആണ്ടുകിടക്കുന്ന പൗരസ്ത്യരാജ്യങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിന് തങ്ങളുടെ അപരിമിതമായ ധനശക്തിയും മേധാശക്തിയും പ്രയത്നശക്തിയും ജപ്പാൻ ഉപയോഗപ്പെടുത്തുമോ? അതോ, അമേരിക്കൻ പ്രേരണകൾക്കു വഴങ്ങി, തങ്ങളുടെ പഴയ സാമ്രാജ്യസ്വപ്നങ്ങളിലേക്ക് ജപ്പാൻ തിരിച്ചുപോകുമോ? രണ്ടായാലും, അടുത്ത കാൽനൂററാണ്ടുകാലം, ലോകചരിത്രത്തിൽ, 'ജാപ്പനീസ് യുഗം' ആയി അറിയപ്പെട്ടുകൂടായ്കയില്ല. ആ യുഗത്തിൽ, പക്ഷേ, ജപ്പാന്റെ പ്രതീകം ഹിരോഹിതോ ആയിരിക്കുകയില്ല; അകിഹിതോ ആയിരിക്കാനാണു സാധ്യത.

(6 ജൂലൈ, 1986)

## 22. ബ്രിട്ടീഷ്‌രാജ്ഞിയുടെ ഷഷ്ടിപൂർത്തി

'ദൈവത്തിന്റെ അനുഗ്രഹത്താൽ, ഗ്രേററ്ബ്രിട്ടനും വടക്കേ അയർലൻഡും അടങ്ങിയ യുണൈറൈറഡ് കിങ്ഡത്തിന്റെയും മററു രാജ്യങ്ങളുടെയും പ്രദേശങ്ങളുടെയും രാജ്ഞിയും കോമൺവെൽത്തിന്റെ അധിപയും (ഹെഡ്), വിശ്വാസത്തിന്റെ സംരക്ഷികയും ആയ രണ്ടാം എലിസബത്തിനു'' ഇക്കഴിഞ്ഞ (1986) ഏപ്രിൽ 21–ാം തീയതി അറുപതു വയസ്സു തികഞ്ഞു. ബ്രിട്ടനിൽ വേറെ ഏതെങ്കിലും ഉദ്യോഗത്തിലായിരുന്നു എങ്കിൽ അന്ന് അവർക്കു പെൻഷൻപററാമായിരുന്നു. എന്നാൽ, ആ രാജ്യത്ത് രാജ്ഞിയുദ്യോഗത്തിനു പെൻഷനില്ല. അതിനാൽ എലിസബത്തിനു കിട്ടാനുള്ളത് ആരോഗ്യ–സാമൂഹ്യഭദ്രതാനിയമങ്ങൾ അനുസരിച്ചുള്ള വാർദ്ധക്യപെൻഷൻ മാത്രമാണ്. ഈ നിയമങ്ങളനുസരിച്ച്, രാജ്ഞിക്കും അവരുടെ ഭർത്താവ് എഡിൻബറോ പ്രഭു, ഫിലിപ്പ് രാജകുമാരൻ, ലെഫ്ടനന്റ്, ഫിലിപ്പ് മൗണ്ട്ബാററനും കൂടി ആഴ്ചതോറും അറുപത്തൊന്നു പവനും മുപ്പതു ഷില്ലിങ്ങും പെൻഷൻ കിട്ടിയേക്കും. പക്ഷേ, അതിലുമുണ്ട് ഒരു കുഴപ്പം: ഭർത്താവിന് അറുപത്തഞ്ചുവയസ്സും ഭാര്യയ്ക്ക് അറുപതുവയസ്സും തികഞ്ഞാലേ ബ്രിട്ടനിൽ ഈ പെൻഷൻ ലഭിക്കൂ. രാജകീയദമ്പതിമാരിൽ ഭാര്യയ്ക്ക് ഏപ്രിലിൽ പെൻഷൻപ്രായമായിക്കഴിഞ്ഞെങ്കിലും ഭർത്താവിന് അറുപത്തഞ്ചു തികയുക വരുന്ന (1986) ജൂൺമാസത്തിൽ മാത്രമാണ്. അതിനാൽ, ഏപ്രിൽ–മെയ് മാസങ്ങളിൽ ഈ കുടുംബത്തിനു വാർദ്ധക്യപെൻഷൻ ബ്രിട്ടനിൽ കിട്ടുകയില്ല.

സാരമില്ല, രാജ്ഞിയുദ്യോഗത്തിന് ബ്രിട്ടനിൽ പ്രായപരിധിയില്ല. എലിസബത്തിന് എത്ര വർഷം വേണമെങ്കിലും രാജ്ഞിയുദ്യോഗത്തിൽ തുടരാം. ഈ ഉദ്യോഗത്തിലിരിക്കുന്ന വ്യക്തിക്കു മാത്രമല്ല, ആ വ്യക്തിയുടെ കുടുംബത്തിൽപ്പെട്ടവർക്കുകൂടി, ശമ്പളം കൊടുക്കാൻ ബ്രിട്ടീഷ് സിവിൽലിസ്റ്റിൽ വ്യവസ്ഥയുണ്ടുതാനും. 1983–ൽ രാജ്ഞിയുടെ ശമ്പളം ആണ്ടിൽ മുപ്പത്തേഴലക്ഷത്തി പതിനായിരത്തിനാനൂറു

പവൻ ആയിരുന്നുവത്രേ. രാജ്ഞിയുടെ മൂത്ത മകൻ, വെയിൽസ് രാജകുമാരൻ, അടുത്ത രാജാവു് ചാർലസ് രാജകുമാരനു് ഒരുലക്ഷത്തി എഴുപത്തൊമ്പതിനായിരത്തിമൂന്നൂറു് പവനും, അദ്ദേഹത്തിൻെറ സഹോദരി ആൻ രാജകുമാരിക്കു് ഒരുലക്ഷത്തി പതിനോരായിരത്തിഎഴുനൂറു പവനും, രാജ്ഞിയുടെ അമ്മ എലിസബത്തു് രാജ്ഞിക്കു് മൂന്നുലക്ഷത്തി ഇരുപത്തോരായിരത്തി അഞ്ഞൂറു പവനും, രാജ്ഞിയുടെ സഹോദരി മാർഗററ്റു് രാജകുമാരിക്കു് ഒരുലക്ഷത്തി എണ്ണായിരത്തിഎഴുനൂറു പവനും ആണ്ടിൽ ശമ്പളമായി ബ്രിട്ടീഷു് ഖജനാവിൽനിന്നും നല്കിവരുന്നു.

ഇതു് തന്നാണ്ടുവരുമാനം. എലിസബത്തു് രാജ്ഞിക്കു് അഞ്ചുകോടി മുതൽ പത്തുകോടിവരെ പവൻ സ്വകാര്യസമ്പാദ്യമായി ഉണ്ടത്രേ. 'സത്യത്തിൽ തനിക്കു് എത്ര സ്വത്തുണ്ടെന്നു് രാജ്ഞിക്കുതന്നെ അറിഞ്ഞുകൂടാ' എന്നാണു് 'ലണ്ടൻ ടൈംസ്' പത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ കാണുന്നതു്. അതിനാൽ വാർദ്ധക്യപെൻഷനോ, സർക്കാരിൻെറയോ, പൊതുജനങ്ങളുടെയോ സൗജന്യമോ ഒന്നും കൂടാതെ തന്നെ ബ്രിട്ടീഷു് രാജ്ഞിക്കു സുഖമായി ആയുശ്ശിഷ്ടം കഴിച്ചുകൂട്ടാം.

ആ സ്ഥിതിക്കു് എലിസബത്തു് രാജ്ഞിക്കു് ഇനി ഉദ്യോഗം ഒഴിഞ്ഞുകൂടേ? അവരുടെ മകനും, അടുത്തു് രാജാവാകേണ്ട ആളുമായ ചാർലസ് ഫിലിപ്പ് ആർതർ ജോർജിനു് (ചുരുക്കത്തിൽ, ചാർലസ് രാജകുമാരനു്) ഇപ്പോൾ മുപ്പത്തെട്ടു വയസ്സായി. 1981–ൽ അദ്ദേഹം വിവാഹംചെയ്തു, അക്കാലത്തു് ഒരു നേഴ്സറി സ്കൂൾ അദ്ധ്യാപികയായിരുന്ന, ലേഡി ഡയാനസ്പെൻസറെ ഇംഗ്ലണ്ടിലെ ജനങ്ങൾക്കു പൊതുവെ ഇഷ്ടമാണു്. വില്യം ആർതർ ഫിലിപ്പ് ലൂയി എന്ന പേരിൽ, നാലു വയസ്സുള്ള ഒരു കുട്ടി ഈ ദമ്പതിമാർക്കുണ്ടു്. എലിസബത്തു് രാജ്ഞി സ്ഥാനം ഒഴിഞ്ഞാലും ബ്രിട്ടീഷ് സിംഹാസനം നിറഞ്ഞുതന്നെ ഇരിക്കും? ചാർത്താൻ ഒരു തല ഇല്ലാത്ത വിഷമം, കോഹിനൂർ രത്നം പതിച്ച ബ്രിട്ടീഷ് കിരീടത്തിനു് ഉണ്ടാകേണ്ടിവരില്ല! ഇക്കാര്യങ്ങളൊക്കെ, ബ്രിട്ടനിലെ ജനങ്ങൾ ഇടയ്ക്കിടെ ഉറക്കെയുറക്കെ പറയാറുണ്ടു്. 'എലിസബത്തു് രാജ്ഞി സ്ഥാനം ഒഴിയണമോ?' എന്ന ഒരു അഭിപ്രായ പരിശോധന ഈയിടെ ബ്രിട്ടനിലെ ഒരു വനിതാമാസികക്കാർ നടത്തി. 'വേണം' എന്നായിരുന്നുവത്രേ അമ്പതു ശതമാനം വോട്ടുകൾ; വോട്ടു ചെയ്തവർക്കു്, എലിസബത്തിൻെറ വാർദ്ധക്യത്തോടുള്ളതിലേറെ ഇഷ്ടം ഡയാനയുടെ യൗവനത്തോടാണു്!

പക്ഷേ, രാജ്ഞി എന്തിനു് സിംഹാസനത്തിൽനിന്നിറങ്ങിപ്പോകണം? പിതാവിൻെറ മരണത്തെത്തുടർന്നു് 1952–ൽ ബ്രിട്ടനിലെ രാജ്ഞീപദം കൈയേററശേഷം, ഇന്നോളം എലിസബത്തിനു് ആരോഗ്യം സംബന്ധിച്ച പ്രശ്നങ്ങളൊന്നും ഉണ്ടായിട്ടില്ല. മിസ്സിസ് സിംപ്സൺ എന്ന വിവാഹമോചിതയായ ഒരു അമേരിക്കക്കാരിയെ വിവാഹംചെയ്തതു നിമിത്തം എലിസബത്തിൻെറ വലിയച്ഛൻ എഡ്വേർഡിനു് ബ്രിട്ടീഷ് സിംഹാസനം ഉപേക്ഷിക്കേണ്ടിവന്നതുമുതൽ, ഒരാൾ വീവാഴ്ചയൊഴിയുകയെന്നതു് ബ്രിട്ടീഷുകാർക്കു പൊതുവേ ഭീതിജനകമാണുതാനും. എന്തിനു വെറുതെ രാജകുടുംബത്തിൻെറ വിഴുപ്പുകൾ പരസ്യമായി അലക്കാൻ പത്രക്കാർക്കു് അവസരം നൽകുന്നു? മുപ്പത്തെട്ടു വയസ്സുവരെ കാത്ത ചാർലസ് രാജകുമാരൻ ഇനിയും ക്ഷമ കൈവിടാതിരിക്കട്ടെ! മാത്രമല്ല, ഭരണകാര്യങ്ങളിൽ അമ്മ മകൻെറ ഉപദേശങ്ങളെ ഇപ്പോൾത്തന്നെ വളരെയധികം വിലമതിക്കുന്നുമുണ്ടത്രേ. ഒന്നും ചെയ്യാനില്ലാതെ ചാർലസ്രാജകുമാരനു് ബോറടിക്കുന്നുണ്ടാവില്ല.

എലിസബത്തു് രാജ്ഞിയുടെ സ്വകാര്യജീവിതത്തെപ്പററി ബ്രിട്ടനിലെ സാധാരണജനങ്ങൾക്കു വലിയ അറിവൊന്നുമില്ല. കുതിരകളെ

യും നാട്ടുകാരെയും വളർത്തുന്നതിൽ ഈ രാജ്ഞിക്ക വലിയ കമ്പമാണത്രേ. മൈക്കൽ ഫാഗൻ എന്ന ഒരു കിറുക്കൻ കഴിഞ്ഞ ആണ്ടിൽ രാജ്ഞി പാർക്കുന്ന സാന്ദ്രിങ്ഹാം പാലസ്സിൽ കടന്ന കിടക്കറയിലെ കട്ടിലിൽ ചെന്നിരുന്നതു് ബ്രിട്ടനിൽ പരക്കെ വലിയ സംഭ്രമം ഉളവാക്കി. ഇതൊക്കെയല്ലാതെ, രാജ്ഞി എന്ന നിലയിൽ എലിസബത്ത് നിർവഹിക്കുന്ന ഔദ്യോഗികകൃത്യങ്ങളെപ്പററിയോ, അമ്മ, അമ്മായി, അമ്മൂമ്മ മുതലായ ഭൂമികകളിൽ, ഗൃഹാന്തരീക്ഷത്തിൽ ഈ സ്ത്രീ പെരുമാറുന്നവിധത്തെപ്പററിയോ, രാജകുടുംബവുമായി വളരെ അടുത്തു് ഇടപെടുന്നവർക്കല്ലാതെ, പുറമേയുള്ളവർക്കു് ഒരു വിവരവുമില്ല. അടുത്തിടപെടുന്നവരാകട്ടെ അകത്തു കണ്ടതു് പുറത്തു പറയാത്തവരുമാണ്.

പ്രതാപവും പണവും പദവിയുംകൊണ്ടു തങ്ങളിൽനിന്നു വളരെ അകന്നും ഉയർന്നും നില്ക്കുന്നവെങ്കിലും രാജ്ഞിയോടു് ബ്രിട്ടീഷുകാർക്ക വലിയ സ്നേഹമാണത്രെ. ഇതിനു കാരണം, എലിസബത്തിൻെറ സാധാരണത്വം ആണെന്നു പറയപ്പെടുന്നു. രാജ്ഞിയുടെ മുത്തച്ഛൻ ജോർജ് അഞ്ചാമനും ഒരു സാധാരണമനുഷ്യനായിരുന്നു. എലിസബത്തിനു ബുദ്ധിപരമായ നേട്ടങ്ങളൊന്നും എടുത്തുകാണിക്കാനില്ല. പഴയ മട്ടിലേ ഈ രാജ്ഞി വസ്ത്രം ധരിക്കു. ഒരു വസ്ത്രം, എത്ര പഴയതായാലും, അവർ കളഞ്ഞു എന്നു വരില്ല. ബക്കിങ്ഹാം കൊട്ടാരത്തിൻെറ അലമാരികളിൽ മുഴുവൻ ഈ സ്ത്രീയുടെ പഴയ ഉടുപ്പുകളാണത്രെ!

രാജ്ഞിയുടെ പിശുക്ക ബ്രിട്ടനിൽ പരക്കെ സംസാരവിഷയമാണ്. അവരുടെ കൊട്ടാരങ്ങളിലെ ഗൃഹോപകരണങ്ങൾ മികച്ചവയൊന്നുമല്ല. ആവശ്യമില്ലാതെ വിളക്കുകൾ കത്തിച്ചിടുന്നതു രാജ്ഞിക്കു് ഇഷ്ടമല്ല. 'സാന്ദ്രിങ്ഹാമിലായാലും, ബാൽമോറലിലായാലും, ഇലക്ട്രിസിററി ബിൽ വരുമ്പോൾ പണമടയ്ക്കേണ്ടതു ഞാനല്ലേ?' എന്നു പറഞ്ഞു്, വിളക്കുകൾ കെടുത്തിക്കൊണ്ടു് അവർ മുറികൾതോറും നടക്കുമത്രെ. ഈ സ്വഭാവം നമ്മുടെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിക്കും ഉണ്ടായിരുന്നു എന്നു കേട്ടിട്ടുണ്ട്. നല്ല ശീലം അല്ലേ?

ഓപ്പറയും നാടകത്തിനുമൊക്കെ രാജ്ഞി അപൂർവമായേ പോകാറുള്ളു. അതൊക്കെ ചെലവുള്ള വിനോദങ്ങളാണല്ലോ. ഷൂസ് ഊരിയിട്ടു വീട്ടിൽ ടെലിവിഷൻപെട്ടിക്കു മുമ്പിൽ കാൽനീട്ടി ഇരിക്കാനാണു് അവർക്കു താല്പര്യം. പുതുമയും പകിട്ടും പണച്ചെലവും ഒഴിവാക്കുന്നതിൽ കാണിക്കുന്ന ശ്രദ്ധയാണു് ബ്രിട്ടീഷ് വീട്ടമ്മമാരുടെ ആദരം രാജ്ഞിക്ക നേടിക്കൊടുക്കുന്ന ഒരു ഘടകം. 'രാജ്ഞി തികച്ചും നമ്മളിലൊരാളാണു്' എന്ന ബോധം വീട്ടമ്മമാരിൽ ഇതുമൂലം വേരുറച്ചിരിക്കുന്നു.

രണ്ടാം എലിസബത്ത് ബ്രിട്ടീഷുകാരുടെ രാജ്ഞി മാത്രമല്ല; 'കോമൺവെൽത്തിൻെറ അധിപയും, അതിൻെറ പ്രതീകവും' കൂടിയാണ്. ഇന്ത്യയെപ്പോലുള്ള ഇരുപത്താറു് പരമാധികാര ജനാധിപത്യ രാഷ്ട്രങ്ങളും, നാലു രാജാധിപത്യങ്ങളും, രാജ്ഞിയുടെ കീഴിലുള്ള പതിനേഴു രാജ്യങ്ങളും അടക്കം നാല്പത്തേഴ സ്വതന്ത്രരാഷ്ട്രങ്ങളുടെ സൈച്ഛിക സംഘടനയാണ്, 1949—മുതൽ, കോമൺവെൽത്തു്. ബ്രിട്ടീഷ് രാജ്ഞി എന്ന നിലയിൽ, സാധാരണകാലങ്ങളിൽ പല നിത്യനിദാനകൃത്യങ്ങളും എലിസബത്ത് ചെയ്യണം. ബ്രിട്ടീഷ് പാർലമെൻറിൽ ഏതെങ്കിലും കക്ഷിക്ക നിർണായക ഭൂരിപക്ഷം ഇല്ലാതെ വന്നാൽ, ഭരണത്തിൽ രാജ്ഞി ഇടപെടേണ്ടതായുംവരും. കോമൺവെൽത്തിൻെറ അധിപ എന്ന നിലയിൽ, സ്വന്തമായി തീരുമാനമെടുക്കേണ്ട കൃത്യങ്ങൾ ഏറെയൊന്നും രാജ്ഞിക്കില്ല. എങ്കിലും, അവർക്ക ധാരാളമായി സഞ്ചരിക്കേണ്ടി വരാറുണ്ട്; കോമൺവെത്തിനകത്തു മാത്രമല്ല, അതിനു പുറത്തും. ഈ ആണ്ടിൽ ഒക്ടോബറിൽ എലിസബത്ത് രാജ്ഞി ചൈന സന്ദർശിക്ക

മത്രെ. ഇതുവരെ രാജ്ഞി സന്ദർശിക്കാത്ത ലോകത്തിലെ ഒരു മുഖ്യ തലസ്ഥാനം മോസ്കോ ആകുന്നു.

'വിശ്വാസത്തിൻെറ സംരക്ഷിക' എന്നതു് ബ്രിട്ടീഷ് രാജ്ഞിമാരുടെ ബിരുദമാണ്. പ്രൊട്ടസ്റ്റൻറ് ക്രിസ്തുമതമാണ് വിശ്വാസം. അതിന്, പക്ഷേ, രാജ്ഞിമാരുടെ സംരക്ഷണം വളരെയൊന്നും ആവശ്യമില്ലെന്ന നില ഇതിനകം വന്നുചേർന്നിട്ടുണ്ട്.

ജനാധിപത്യയുഗമാണല്ലോ ഇതു്. രാജ്ഞിമാരും രാജാക്കന്മാരും ലോകത്തിലെങ്ങും അപൂർവജീവികളായി മാറിയിട്ടുണ്ട്. ഇന്ത്യയിൽത്തന്നെ അരനൂററാണ്ടുമുമ്പ് എത്രയധികം രാജാക്കന്മാരുണ്ടായിരുന്നു! അവരൊക്കെ ഇന്ന് എങ്ങനെ മാറിപ്പോയിരിക്കുന്നു! കൊല്ലിനും കൊലയ്ക്കുമുള്ള അധികാരം രാജാക്കന്മാരിൽനിന്ന് എടുത്തുകളയപ്പെട്ടതിൽ ഖേദിക്കാനൊന്നുമില്ല. പക്ഷേ, രാജ്യത്തിൻെറ നികുതിവരുമാനം ധൂർത്തടിക്കുന്നതിനുള്ള അധികാരം രാജാക്കന്മാരിൽനിന്നെടുത്തു മന്ത്രിമാർക്കു കൊടുത്തപ്പോഴും, ജനങ്ങൾ യഥാർത്ഥത്തിൽ എന്തു നേടി?

മാത്രമല്ല, അധികാരം ഒട്ടും കൈയാളാതെ, ജനങ്ങൾക്ക് ആഹ്ലാദം സമൃദ്ധമായും സ്ഥിരമായും നല്കുന്ന രാജാക്കന്മാരും രാജ്ഞിമാരുമില്ലേ? ഇസ്പേഡ് റാണിയുടെയും ക്ലാവർ റാണിയുടെയും ആഡ്യൻ റാണിയുടെയും ഡൈമൻ റാണിയുടെയും കൂടെ, ഇടയ്ക്കൊക്കെ ജനങ്ങൾക്കു കൊച്ചുവർത്തമാനം പറയുന്നതിനു വിഷയം നല്കിക്കൊണ്ട്, ഒരു ബ്രിട്ടീഷ് റാണി കൂടി ഉണ്ടായിരിക്കുന്നതിൽ എന്താണു തരക്കേട്?

ഷഷ്ടിപൂർത്തി അവസരത്തിൽ ബ്രിട്ടീഷ് രാജ്ഞി അലെക്സാൻഡ്രമേരി രണ്ടാം എലിസബത്തിനു നാം ആയുരാരോഗ്യങ്ങൾ നേരുക! മററു റാണിമാർക്ക് (ഇസ്പേഡ്—ക്ലാവർ—ആഡ്യൻ—ഡൈമൻ റാണിമാർക്ക്) ഷഷ്ടിപൂർത്തിയില്ലാത്തതിനാൽ എന്തെങ്കിലും നേരുന്നതിന് അവസരമില്ലല്ലോ.

(15 ജൂൺ, 1986)

## 23. ശരീഅത്തും കടപ്പലിശയും

ഇസ്ലാമിക് ബാങ്കിനെപ്പററി നാലു വർഷം മുമ്പ്, 1982 നവംബറിൽ, ഞാൻ എഴുതിയിരുന്നു.

പണം കടം കൊടുത്തു പലിശ വാങ്ങുന്ന സമ്പ്രദായത്തെ വിശുദ്ധ ഖുർ ആൻ അസന്ദിഗ്ദ്ധമാംവിധം നിരോധിച്ചിട്ടുണ്ട്. അതേ സമയം, മുസ്ലീങ്ങൾ അടക്കം ലോകജനതയിൽ വലിയ ഒരു വിഭാഗം നിലനിർത്തിപ്പോരുന്ന മുതലാളിത്ത സമ്പദ്വ്യവസ്ഥിതി കെട്ടിപ്പടുത്തിട്ടുള്ളതു് പലിശയെന്ന അസ്ഥിവാരത്തിന്മേലാണ്.

മുതലാളിത്ത വ്യവസ്ഥിതിപ്രകാരം, സമ്പാദകർ എന്നും നിക്ഷേപകർ എന്നും ഇടനിലക്കാർ എന്നും മൂന്നു വർഗങ്ങളായി ജനങ്ങൾ വിഭജിക്കപ്പെട്ടിരിക്കുന്നു. അദ്ധ്വാനിച്ചുനേടുന്ന പണത്തിലൊരു ഭാഗം ഭാവിയിലേക്കുവേണ്ടി കരുതിവെക്കുന്നവരാണ് സമ്പാദകർ. സമ്പാദകരുടെ 'സമ്പാദ്യം' ചില വ്യവസ്ഥകളിൽ വാങ്ങി മൂലധനമായി മുടക്കി വ്യവസായങ്ങൾ നടത്തുന്നവരത്രെ നിക്ഷേപകർ. സമ്പാദകരെയും നിക്ഷേപകരെയും കൂട്ടിയിണക്കുന്ന കണ്ണികളാണ് ബാങ്കുപോലുള്ള, ഇടനിലക്കാരായ, പണമിടപാടുസ്ഥാപനങ്ങൾ. നിക്ഷേപകർ ഉണ്ടാക്കുന്ന ലാഭത്തിൽ ഒരു വിഹിതം ഇടനിലക്കാർ വാങ്ങുന്നു; അതിൻെറ ചെറിയ